25224/14

TRANSPORT COMMISSIONERATE KERALA
INWARD No:
RECEIVED ON 01 DEC 2014
TC | Addl TC | JTC & Secy STA | JTC (R) | A.C | | F.O | L.O

# കേരള സർക്കാർ

## സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിൽ സംവരണ വിഭാഗക്കാരുടെയും, സംവരണേതര വിഭാഗക്കാരുടെയും പ്രായ പരിധി ഉയർത്തി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

സ.ഉ.(കൈ) നം.110/2014/തൊഴിൽ　　　　　　　　തീയതി, തിരുവനന്തപുരം : 03.09.2014.

=====================================================================

പരാമർശം : - 1. 21.10.2013 -ലെ സ.ഉ.(സാധാ) നം.1783/13/തൊഴിൽ

2. 13.12.2013 -ലെ സ.ഉ.(പി) നം.36/2013/പി&എആർഡി.

## ഉത്തരവ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പാലിക്കുമ്പോൾ മുന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് അവസരം നഷ്ടപ്പെടുന്നു എന്ന പരാതി പരിഗണിച്ച് സംസ്ഥാനത്ത് ഓപ്പൺ കോമ്പറ്റീഷനിൽ (തുറന്ന ഒഴിവുകളിൽ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടക്കുമ്പോൾ സംവരണ വിഭാഗക്കാരുടെയും സംവരണേതര വിഭാഗക്കാരുടെയും ഉയർന്ന പ്രായപരിധി 36 വയസ്സിൽ നിന്ന് 41 വയസ്സാക്കികൊണ്ടും സംവരണം ചെയ്യപ്പെട്ട ഒഴിവുകളിൽ സംവരണാനുകൂല്യമുള്ള പട്ടികജാതി, പട്ടികവർഗ്ഗവിഭാഗം ഒഴികെയുള്ളവർക്ക് ഉയർന്ന പ്രായപരിധി 39 ൽ നിന്ന് 44 വയസ്സാക്കികൊണ്ടും പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഉയർന്ന പ്രായ പരിധി 41 ൽ നിന്ന് 46 വയസ്സാക്കി നിശ്ചയിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന് അനുസൃതമായി പരാമർശം (2) പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (റൂൾസ്) വകുപ്പ് ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ ഉയർന്ന പ്രായപരിധി നിലവിൽ 36 വയസ്സായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് മാത്രമേ പ്രസ്തുത ഉത്തരവ് ബാധകമാവുന്നുള്ളൂ. ചില തസ്തികകളിലേയ്ക്കുള്ള ഉയർന്ന പ്രായപരിധി വ്യത്യസ്തമായതിനാൽ എല്ലാവർക്കും ബാധകമാകുന്ന തരത്തിൽ പരാമർശം (1) -ലെ ഉത്തരവിൽ മാറ്റം വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു. ഇക്കാര്യം പരിഗണിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾക്കുള്ള ഉയർന്ന പ്രായപരിധി പൊതുവിഭാഗങ്ങളുടെ നിലവിലുള്ള ഉയർന്ന പ്രായപരിധിയിൽ നിന്നും, സംവരണം ചെയ്യപ്പെട്ട തസ്തികകൾക്കുള്ള നിലവിലുള്ള ഉയർന്ന പ്രായപരിധിയിൽ നിന്നും, സ്പെഷ്യൽ റൂൾ നിലവിലുള്ള എല്ലാ തസ്തികകൾക്കും നിശ്ചയിക്കപ്പെട്ട ഉയർന്ന പ്രായപരിധിയിൽ നിന്നും 5 വർഷത്തെ വർദ്ധന വരുത്തിക്കൊണ്ട് പരാമർശം (1) -ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958-ലും Public Service (Revising of Upper age limit for appointment) Rules 1978 -ലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് മാത്രം ബാധകമാക്കത്തക്ക വിധത്തിൽ ടി നിയമത്തിലും ഭേദഗതി വരുത്തുവാനും ഉത്തരവാകുന്നു. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

To

എംപ്ലോയ്മെന്റ് ഡയറക്ടർ , തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
എല്ലാ വകുപ്പ് അധ്യക്ഷൻമാർക്കും.
ഉദ്യോഗസ്ഥഭരണ പരിഷ്ക്കാര വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് .
(27.08.2014 -ലെ ഇനം നമ്പർ 5671 പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

[signature]

സെക്ഷൻ ഓഫീസർ

Endst. No. A5/25224/14/TC/ dtd 29.12.2014

Copy forwarded to all DTCs all RTOs, all SRTOs for information and further necessary action

[signature] 29/12/14

Senior Superintendent

[signature] 29/12/14.